# ARCHEPARCHY OF KOTTAYAM

CATHOLIC METROPOLITAN'S HOUSE
**P.B. No. 71, KOTTAYAM - 686 001, KERALA, INDIA.**
Web www.cefakottayam.webnode.com E-mail: cefak2011@gmail.com

പ്രിയ ബഹു. അച്ചാ,

അതിരൂപതാ ശതാബ്ദി സ്മാരക വിദ്യാഭ്യാസ ഫണ്ടിൽനിന്ന് ഈ വർഷത്തെ ലോൺ ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കേണ്ട സമയമായി. കഴിഞ്ഞവർഷങ്ങളിൽ ലോൺ ലഭിച്ചവരെ ഈ വർഷം അർഹരാണെങ്കിൽ പരിഗണിക്കാവുന്നതാണ്. അവരും പുതിയ അപേക്ഷകർക്കൊപ്പം അതേ ആപ്ലിക്കേഷനിൽത്തന്നെ അപേക്ഷ സമർപ്പിക്കേണ്ടതാണ്. എന്നാൽ അവർ +2 മാർക്ക് ഷീറ്റിന്റെ കോപ്പിയോ അഡ്മിഷൻ ലഭിച്ചതിനുള്ള തെളിവോ ഹാജരാക്കേണ്ടതില്ല. അതേ സമയം മുൻ സെമസ്റ്ററുകളിലെ അവരുടെ മാർക്കുഷീറ്റുകൾ പരിശോധിച്ച് പഠന നിലവാരവും ഒപ്പം സ്വഭാവവും തൃപ്തികരമാണെന്ന് ഉറപ്പുവരുത്തിവേണം അപേക്ഷകളിൻമേൽ ശുപാർശചെയ്യുവാൻ.

23.08.2015-ൽ കൂടിയ കേന്ദ്രകമ്മിറ്റി തീരുമാനമനുസരിച്ച് ഈ വർഷം പുതുതായി 100-ൽ താഴെ കുടുംബങ്ങളുള്ള ഇടവകകളിൽ നിന്നും ഒരപേക്ഷയും 100നും 200നും ഇടയിൽ കുടുംബങ്ങളുള്ള ഇടവകകളിൽ നിന്നും രണ്ടപേക്ഷയും, 200നു മുകളിൽ കുടുംബങ്ങളുള്ള ഇടവകകളിൽനിന്നും മൂന്നപേക്ഷയും പരമാവധി സമർപ്പിക്കാവുന്നതാണ്. അപേക്ഷകളെല്ലാം പാരീഷ് കൗൺസിലിന്റെ ശുപാർശയോടെ ഒക്ടോബർ 1-ാം തീയതിക്കകം അരമനയിലുള്ള ഓഫീസിൽ എത്തിക്കേണ്ടതാണ്. ലോൺ തിരികെ നൽകേണ്ട സമയമാകുമ്പോൾ Centenary Education Fund of the Archeparchy of Kottayam, SIB A/c. No. 5801 എന്ന പേരിൽ ചെക്ക് എഴുതി വികാരി അച്ചനെ ഏൽപ്പിക്കേണ്ടതും, വികാരി അച്ചനിലൂടെ അത് അരമനയിലെ ഓഫീസിൽ എത്തിക്കേണ്ടതുമാണ്.

അരമനയിലെ CEFAK Office-ൽ നേരിട്ട് പണമായും വായ്പ തിരിച്ചടയ്ക്കാവുന്നതാണ്. എന്നാൽ ഗുണഭോക്താക്കൾ പ്രസ്തുത വിവരം വികാരി അച്ചൻമാരെ ബോധ്യപ്പെടുത്തേണ്ടതാണ്. ലോൺ ലഭിക്കുന്ന കുട്ടികളുടെ കോഴ്സ് തീർന്ന് രണ്ടു വർഷത്തിനകം തവണകളായി വായ്പതുക തിരികെ വാങ്ങുന്ന കാര്യം ബഹു. വികാരി അച്ചന്മാരും, പാരിഷ് കൗൺസിൽ അംഗങ്ങളും ശ്രദ്ധിക്കുമല്ലോ. ഈ വർഷം ലോൺ അനുവദിക്കുന്ന കോഴ്സുകളും തുകയും ചുവടെ ചേർക്കുന്നു.

| കോഴ്സുകൾ | 2014-15 ൽ ലഭിക്കുന്ന ലോൺ തുക |
|---|---|
| M.B.B.S; B.D.S; Pharm D; M.D | Rs.30,000/- |
| B.Sc. Nursing; M.Sc. Nursing; P.B.Sc. Nursing; B.Tec; M.Tec, B.Pharm, BPT, BHM | Rs.20,000/- |
| M.B.A., M.C.A. | Rs.12,000/- |

ആദ്യ ചാൻസിൽ പാസാകുന്ന കുട്ടികളെ മാത്രമേ പരിഗണിക്കുവാൻ പാടുള്ളു. CEFAKനെ സംബന്ധിക്കുന്ന ഒരു ഫയൽ/രജിസ്റ്റർ എല്ലാ ഇടവകകളിലും ഉണ്ടായിരിക്കേണ്ടതും, അതിൽ വായ്പ നൽകലും തിരിച്ചടയ്ക്കലും കൃത്യമായി രേഖപ്പെടുത്തേണ്ടതും അഭി. പിതാക്കന്മാർ ഇടയ സന്ദർശനത്തിനു വരുമ്പോൾ പരിശോധനയ്ക്കായി നൽകേണ്ടതുമാണ്. ഈ കത്തിനൊപ്പം ആപ്ലിക്കേഷൻ ഫോമിന്റെ ഒരു കോപ്പികൂടി ഉള്ളടക്കം ചെയ്യുന്നു. ആവശ്യത്തിന് കോപ്പികൾ എടുത്ത് ഉപയോഗിക്കാവുന്നതാണ്. ഈ ഫണ്ടിനെ സംബന്ധിക്കുന്ന എല്ലാ വിവരങ്ങളും cefak website ൽ നൽകിയിട്ടുണ്ട്.

ഇതോടൊപ്പം നൽകിയിരിക്കുന്ന കഴിഞ്ഞ സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന്റെ സംക്ഷിപ്ത വിവരം പള്ളിയിൽ അറിയിക്കണമെന്ന് താൽപര്യപ്പെടുന്നു. കൂടാതെ 2014 വരെ കോഴ്സ് പൂർത്തിയാക്കിയ ഗുണഭോക്താക്കളുടെ ലിസ്റ്റും തിരിച്ചടയ്ക്കുവാനുള്ള തുകയും ഇതോടൊപ്പം ചേർക്കുന്നു. തിരിച്ചടയ്ക്കേണ്ട വിവരം അവരെ ഓർമ്മപ്പെടുത്തുമല്ലോ.

ഈശോയിൽ സ്നേഹപൂർവ്വം

കോട്ടയം
01.09.2015

**ഡോ. ജോർജ് മാത്യു കക്കാട്ടിൽ**
സെക്രട്ടറി, CEFAK
Ph. Res. 0481-2537006
Off. 0481-2565170, 9447967806